**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ല – കുഞ്ചൻ നമ്പ്യാർ സ്മാരകം കിള്ളിക്കുറുശ്ശിമംഗലം - 2018 മെയ് 5 കുഞ്ചൻ ദിനാഘോഷം - പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.467/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 16/02/2018

പരാമർശം:- 1. കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറിയുടെ 23.01.2018 ലെ 47/17-18/KNS നമ്പർ കത്ത്.
2. സ.ഉ.(എം.എസ്)നം.58/2006/തസ്വഭവ തീയതി. 16/02/2006

**ഉത്തരവ്**

എല്ലാ വർഷവും മെയ് 5 ന് ആഘോഷിക്കുന്ന കുഞ്ചൻ ദിനത്തിന്റെ സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ നഗരസഭകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിലേക്ക് ആവശ്യമായ യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 മെയ് 5 ന് ആഘോഷിക്കുന്ന കുഞ്ചൻ ദിനത്തിന്റെ സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 15,000/- (പതിനയ്യായിരം) രൂപ വീതവും മുനിസിപ്പാലിറ്റികൾ 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം, ലക്കിടി, പാലക്കാട് - 679 301.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ ( പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.